


ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോയുടെ ഉത്ഥാനം കേന്ദ്രമായുള്ള ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലമായ ഉയിർപ്പ്കാലത്തിന്റെ മൂന്നാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. ഇന്നത്തെ ഒന്നാം വായനയിൽ ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയുന്നത് എല്ലാവർക്കും രക്ഷയുണ്ട് എന്ന സത്യമാണ്. സാമ്പത്ത് ശരിയായി ആചരിക്കുകയും തിന്മ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന എല്ലാവരും രക്ഷ പ്രാപിക്കുമെന്ന് പ്രവാചകൻ ഉദ്ഘോഷിക്കുന്നു. ഇങ്ങനെ ദൈവത്തിനു പ്രീതികരമായ രീതിയിൽ ജീവിക്കുന്നവരുടെ ബലികൾ മാത്രമേ അവിടുത്തേയ്ക്ക് സ്വീകാര്യമാവുകയുള്ളു എന്ന് കൂട്ടിച്ചേർക്കുന്നു. ദൈവത്തെയും മനുഷ്യരേയും സ്നേഹിക്കുന്ന പരദേശി പോലും രക്ഷ പ്രാപിക്കുമെന്ന് ഏശയ്യാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നു.

ഇന്നത്തെ ലേഖനഭാഗം പൗലോസ്ശ്ലീഹാ എഫേസൂസിലെ വിശ്വാസികളെ അഭിവാദനം ചെയ്യുന്ന ഭാഗമാണ്. യേശു ക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിച്ച വിജാതിയർക്കു ലഭിച്ച വിളിയുടെ രഹസ്യമാണ് ഇവിടെ അവതരിപ്പിക്കുക. രക്ഷ പ്രതീക്ഷിച്ച് കാത്തിരുന്ന യഹൂദ ജനതയും അതിൽ നിന്നും അകന്നു കഴിഞ്ഞ വിജാതിയരും യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി രക്ഷ പ്രാപിക്കുമെന്ന് പ ൗലോസ് ശ്ലീഹാ പ്രഘോഷിക്കുന്നു.
മനുഷ്യന് ആകുലപ്പെടാനും വിഷമിച്ചിരിക്കാനും അനേകം കാരണങ്ങൾ ഇന്നുണ്ട്. ആധുനിക ലോകം മനുഷ്യന് നൽകിയ ഏറ്റവും നല്ല സമ്മാനം ആകുലത എന്ന ഓമനപേരിൽ നാം വിളിക്കുന്ന ടെൻഷൻ ആണ്. ജീവിതത്തിന്റെ ഓരോ അവസ്ഥയിലൂടെയും കടന്നുപോകുന്നവർക്ക് ആകുലപ്പെടാൻ നിരവധി കാരണങ്ങളുണ്ട്. ദാരിദ്ര്യത്തെക്കുറിച്ച്, രോഗത്തെക്കുറിച്ച്, മരണത്തെക്കുറിച്ച്, ജീവിതത്തിലെവിജയപരാജയങ്ങളെക്കുറിച്ച്, മാതാപിതാക്കൾക്ക് മക്കളെക്കുറിച്ച്, മക്കൾക്ക് മാതാപിതാക്കളെക്കുറിച്ച് അങ്ങനെ ഈ നിര നീണ്ടു പോകുന്നു. ഇതിനൊരു പരിഹാരം പറഞ്ഞുതരുന്നതാണ് ഇന്നത്തെ സുവിശേഷം. നമ്മുടെ ആകുലതകളിൽ നമുക്കാശ്രയിക്കാവുന്ന ഓരേ ഒരു വ്യക്തി ഈശോ മാത്രമാണ്. ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ പറയുന്നു; നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ. മനുഷ്യന് ഒരിക്കലും നിത്യമായ ആശ്വാസം മനുഷ്യനിൽ തന്നെ കണ്ടെത്തുവാൻ സാധിക്കുകയില്ല. ഇവിടെയാണ് ഗുരുവിന്റെ സ്നേഹത്തിൽ ആയിരിക്കുവാൻ അവൻ/അവൾ ആഗ്രഹിക്കുന്നത്. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഇതിന്റെ ഉദാഹരണം കാണുന്നത് കാൽവരിയിലാണ്. വലതുവശത്ത് ക്രൂശിതനായ കള്ളനെ തന്റെ മരണവേദനയുടെ നിമിഷങ്ങളിൽ പോലും ആശ്വസിപ്പിക്കുന്ന ഈശോ.

വിശ്വാസവും അമിതമായ ആകുലതയും ഒരുമിച് പോകില്ലന്നാണ് വി. യോഹന്നാൻ ശ്ലീഹാ നമ്മെ പഠിപ്പിക്കുക. വിശ്വസിക്കുന്നതുഴി ആകുലതകളെ ഇല്ലായ്മ ചെയ്യാൻ നമുക്ക കഴിയും. അസ്വസ്ഥതകളെ അതിജീവിക്കാനുള്ള ഏകവഴി വിശ്വ ാസമാണ്. ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് സുവിശേഷകൻ വ്യക്തമാക്കുന്നത് ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. ദൈവപരിപാലനയിൽ ആശ്രയിക്കുന്നവൻ ഒന്നിനെക്കുറിച്ചും അസ്വസ്ഥനാകില്ല. കാരണം അവനെ നയിക്കുന്നത് ദൈവമാണ്. ദൈവപുത്രൻ പോലും അവന്റെ പീഡകളിലും അസ്വസ്ഥതകളിലും ആശ്രയിച്ചത് തന്റെ സ്വർഗ്ഗസ്ഥനായ പിതാവിനെയാണ്. അത ുകൊണ്ട് സഹനങ്ങളിൽ തളരാതെ, അതിനെ അതിജീവിക്കുവാൻ ഈശോയ്ക്ക് സാധിച്ചു. സഹനങ്ങളും പീഡകളും അസ്വസ്ഥതകളും ദൈവത്തെ ആ ശ്രയിക്കുവാനുള്ള മാർഗ്ഗങ്ങളായാണ് വിശുദ്ധർ കണ്ടിരുന്നത്. കൊച്ചുത്രേസ്യയും അൽഫോസാമ്മയും മദർതേരേസായുമെല്ലാം ഇപ്രകാരം ദൈവത്തിൽ ആ ശ്രയിച്ചവരാണ്.

വി. ഫ്രാൻസീസ് ഡി സാലസ് ഇപ്രകാരം പറയുന്നു; ‘‘എന്റെ ഭാവികാലം ഇനിയും എനിക്കൊരു പ്രശ്നമായിട്ടില്ല. അത് ദൈവികപദ്ധതിയുടെ ഭാഗമാണ്. എന്റെ വർത്തമാനകാലം ദൈവപരിപാലനയാണ്. എന്റെ ഭൂതകാലമോ ദൈവികകരുണയിലാണ്.’’ എന്നെ സംബന്ധിച്ചും വിശുദ്ധന്റെ നിരിക്ഷണം അർത്ഥപൂർണമാണ്. ദൈവത്തിൽ ആശ്രയവും ശരണവും വച്ചാൽ മാത്രമേ ക്രിസ്തുശിഷ്യനായി അസ്വസ്ഥതകളെ അതിജീവിക്കുവാൻ കഴിയൂ.

സുവിശേഷത്തിന്റെ രണ്ടാംഭാഗത്ത് യോഹന്നാൻ സുവിശേഷകൻ പറയുന്നത് ഈശോ നടത്തുന്ന ആറാമത്തെ സ്വയം പ്രഖ്യാപനമാണ്; ‘വഴിയും സത്യവും ജീവനും ഞാനാകുന്നു.’ ഈശോ ഇവിടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നുത് പ ിതാവിലേയ്ക്കുള്ള വഴിയായിട്ടാണ്. തന്നെ ദൈവപുത്രനായി കണകാക്കാത്ത യഹൂദരുടെ മുൻപിൽ പിതാവിങ്കലേയ്ക്കുള്ള ഒരേ ഒരു വഴി താൻ മാത്രമാണ് എന്നും തന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് എത്തുന്നില്ല എന്നും വചനത്തിലൂടെ ഈശോ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു.
വഴി എന്നത് ഒരിക്കലും ഒരു ലക്ഷ്യമല്ല. മറിച്ച് ലക്ഷ്യത്തിലെത്തിച്ചേരാനുള്ള ഒരു ഉപാധിയാണ്. പിതാവായ ദൈവം ലോകത്തിനു നൽകിയ സത്യമാണ്, ജീവനാണ്, ഏകപുത്രനായ യേശു ക്രിസ്തു. അതേപോലെ പുത്രനായ ദൈവമാണ് പ ിതാവിനെ ഈ ലോകത്തിനു വെളിപ്പെടുത്തിയത്. ഇക്കാരണത്താലാണ് ഈശോ പറയുന്നത് ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കാനാണ് എന്ന്. കൃപയും സത്യവും യേശുക്രിസ്തു വഴി ഉണ്ടായി എന്ന് യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു.
യേശുവിൽ എത്തിച്ചേരുവാൻ യഥാർത്ഥവഴി കണ്ടെത്തി യേശുവിൽ ചരിക്കുന്നവർ സത്യത്തിൽ ചരിക്കുന്നു. യേശുവിൽ ആശ്രയിക്കുന്നവർ ജീവനിലായിരിക്കുന്നു. ചരിത്രത്തിന്റെ ഏടുകളിൽ അനേകം വഴികാട്ടികൾ ഉണ്ട ായിരുന്നുവെങ്കിലും പിതാവിങ്കലേയ്ക്കുള്ള ഏക മാർഗ്ഗമായി തന്നെത്തന്നെ വെളുപ്പെടുത്തിയത് യേശു മാത്രമാണ്. യേശുവിൽ ആശ്രയിച്ചുകൊണ്ട് പ ിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് കടന്നുവരുവാൻ ഉയിർപ്പുകാലത്തെ ഈ മൂന്നാമത്തെ ഞായറാഴ്ച നമ്മോട് ആവശ്യപ്പെടുന്നു. അതിനുള്ള കൃപ ാവരത്തിനായി നമുക്കു പ്രാർത്ഥിക്കാം. വഴിയും സത്യവും ജീവനുമായ മിശിഹാ നമ്മെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ആമ്മേൻ.